## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 576 11.06.2013 ലെ മറുപടിയ്ക്ക്

## അനധികൃത പണമിടപാടുകാരെ ശിക്ഷിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. കെ. എൻ. എ. ഖാദർ | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | അനധികൃത പണമിടപാടുകാർ വൻതോതിൽ ജനങ്ങളെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അത്തരം നിയമവിരുദ്ധ ഇടപാടുകൾ നടത്തുന്നവരെ കണ്ടെത്തി ശിക്ഷിക്കുവാനും ഇടപാടുകൾ തടയുവാനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; | (ബി) | കേരളത്തിലെ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് ബാങ്കിംഗ് റഗുലേഷൻ ആക്റ്റ്, കേരള മണിലെൻഡേഴ്സ് ആക്റ്റ്, ചിട്ടി ആക്റ്റ്, അമിത പലിശ ഈടാക്കൽ നിരോധന നിയമം 2012 മുതലായ നിയമങ്ങൾ മുഖേനയാണ്. ഇതിൽ ഓരോ നിയമത്തെ സംബന്ധിച്ചും ആ നിയമപ്രകാരം ചുമതലപ്പെടുത്തപ്പെട്ട അധികാരിയും പോലീസും ആണ് പ്രസ്തുത നിയമങ്ങളുടെ ലംഘനത്തിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടത്. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികൾ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. കേരള സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടംകൊടുക്കുന്നത് നിരോധിക്കുന്നതിനും, പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതു |

| | | | |
|---|---|---|---|
| | | | മായ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമെ വ്യാജ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം കൈമാറുന്നതിനും കേന്ദ്ര, സംസ്ഥാന സർക്കാർ ഏജൻസികൾക്കിടയിൽ നിയന്ത്രണ മേൽനോട്ട സഹകരണം ശക്തിപ്പെടുത്തുന്നതിനും വേണ്ടി കേന്ദ്ര ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം ഒരു സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം സ്ഥാപനങ്ങളെക്കുറിച്ച് വ്യക്തമായ വിവരം ശേഖരിക്കുവാൻ എന്തു സംവിധാനങ്ങളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | നോൺബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികളെ സംബന്ധിച്ച് റിസർവ് ബാങ്കിൽനിന്നും, ചിട്ടി സ്ഥാപനങ്ങളെ സംബന്ധിച്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷനിൽ നിന്നും, രജിസ്റ്റർ ചെയ്യപ്പെട്ട മണി ലെൻഡർമാരെ സംബന്ധിച്ച് വാണിജ്യ നികുതി വകുപ്പിന്റെ അതാത് ജില്ലയിലുള്ള ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരുടെ പക്കലും വിവരങ്ങൾ ലഭ്യമാണ്. കമ്പനികളെ സംബന്ധിച്ച് രജിസ്ട്രാർ ഓഫ് കമ്പനീസിൽനിന്നും വിവരം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.